# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2776** **10.03.2017-ൽ മറുപടിയ്ക്ക്**

## ഹൈടെക് ക്ലാസ്സ് റൂം പദ്ധതി

**ചോദ്യം** ഉത്തരം

ശ്രീ. പാറക്കൽ അബ്ദുല്ല

പ്രൊഫ : സി.രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | സംസ്ഥാനത്ത് നടപ്പാക്കികൊണ്ടിരിക്കുന്ന ഹൈടെക് ക്ലാസ്സ് റൂം പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശങ്ങൾ നൽകുമോ; | എ) | ഹൈടെക് സ്കൂൾ പദ്ധതി ഈ വർഷം (2016-17 ) ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്,തളിപ്പറമ്പ് എന്നീ അസംബ്ലി നിയോജക മണ്ഡലങ്ങളിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻററി, വൊക്കേഷണൽ ഹയർസെക്കൻററി സ്കൂളുകളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.അടച്ചുറപ്പുള്ള ക്ലാസ്സ് മുറികളിൽ കമ്പ്യൂട്ടർ /ലാപ് ടോപ്പ്, പ്രൊജക്ടർ, ഇൻറർനെറ്റ് സൗകര്യം, ഇ-കണ്ടൻറ്, പ്രത്യേക പരിശീലനം തുടങ്ങിയവയാണ് ഇപ്പോൾ ലഭ്യമാകുന്നത്.സ്കൂളിലെ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കമ്പ്യൂട്ടർ ലാബുകളും നൽകുന്നുണ്ട്. |
| ബി) | മികച്ച ഭൗതിക സൗകര്യമുള്ള എയ്ഡഡ് സ്കൂളുകൾ പദ്ധതി കയ്യടക്കുമ്പോൾ നിലവാരമുള്ള സർക്കാർ സ്കൂളുകൾ പോലും പദ്ധതിയിൽ നിന്ന് പിന്തള്ളപ്പെടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | ബി) | പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുകഎന്ന ലക്ഷ്യത്തോടെയാണ് സർക്കാർ 'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ' നടപ്പിലാക്കുന്നത്. എല്ലാ സർക്കാർ / എയ്ഡഡ് സ്കൂളുകളിലെയും 8 മുതൽ 12 വരെയുള്ള ക്ലാസുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനാൽ സർക്കാർ സ്കൂളുകൾ ഒരിക്കലും പദ്ധതിയിൽ നിന്നും പിന്തള്ളപ്പെടില്ല. |
| സി) | എങ്കിൽ അടിസ്ഥാന സൗകര്യമുള്ള സർക്കാർ സ്കൂളുകളിൽ ഹൈടെക് ക്ലാസ് റൂം പദ്ധതി നടപ്പാക്കിയശേഷം എയ്ഡഡ് മേഖലയെ പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | സി) | അടിസ്ഥാന സൗകര്യമുള്ള സർക്കാർ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം അടിസ്ഥാന സൗകര്യമുള്ള എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കൻററി സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ